## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5487** **27/03/2018-ൽ മറുപടിയ്ക്ക്**

## ഉത്സവ സീസണുകളിൽ ശേഖരിക്കുന്ന പച്ചക്കറികൾ കേട്ടുകൂടാതെ സൂക്ഷിക്കുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.ടി. തോമസ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അനിൽ അക്കര | | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) | ഉത്സവ സീസണുകളിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.എ. തുടങ്ങിയവ പച്ചക്കറികൾ ശേഖരിച്ച് വിപണിയിലെത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഓണം, വിഷു ഉത്സവ സീസണുകളിൽ കൃഷി വകുപ്പ് അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., കർഷകസംഘങ്ങൾ തുടങ്ങിയവ പച്ചക്കറികൾ ശേഖരിച്ച് വിപണിയിലെത്തിക്കുന്നുണ്ട്. കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ കർഷകർക്ക് പൊതുവിപണിയെക്കാൾ 10% വില അധികം നൽകി സംഭരിക്കുകയും, പൊതുവിപണിയിലെ വില്പന വിലയിൽ നിന്നും 30% കുറഞ്ഞവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ജി.എ.പി. (Good Agricultural Practices) പച്ചക്കറികൾ സംഭരിക്കുമ്പോൾ പൊതുവിപണിയിൽ നിന്നും സംഭരണ വിലയെക്കാൾ 20% അധികം വില നൽകി കർഷകരിൽ നിന്നും സംഭരിക്കുകയും പൊതുവിപണിയിൽ വിൽക്കുന്ന വിലയിൽ നിന്നും 10% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് വില്പന നടത്തുകയും ചെയ്യുന്നു. |
| (ബി) | പച്ചക്കറികൾ ശേഖരിക്കുന്നത് എവിടെ നിന്നെല്ലാമാണ്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, കാർഷിക മൊത്തവ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നുമാണ് ശേഖരിക്കുന്നത്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിന് മുമ്പ് ഇവ കേട്ടുകൂടാതെ സൂക്ഷിക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം;വ്യക്തമാക്കുമോ; | (സി) | ഹോർട്ടികോർപ്പിന്റെ ഓരോ ദിവസത്തെയും ആവശ്യകതയും ലഭ്യതയും അനുസരിച്ചാണ് പച്ചക്കറികൾ സംഭരിക്കുന്നത്. ഇപ്രകാരം സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകൾ, ലൈസൻസി സ്റ്റാളുകൾ, മൊബൈൽ യൂണിറ്റുകൾ, മറ്റ് സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളുടെ ക്യാന്റീനുകൾ എന്നിവയിലൂടെ അതാത് ദിവസം തന്നെ വിപണനം നടത്തി വരുന്നു. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിൽ അപേഡ (APEDA - Agricultural and Processed Food Products Export Development Authority)യുടെ ധനസഹായത്തോടെ വി.എഫ്. പി.സി.കെ.യുടെ വയനാട് ജില്ലയിൽ പണി പൂർത്തീകരിച്ചതും തൃശ്ശൂർ ജില്ലയിൽ പണി തീർന്ന് വരുന്നതുമായ പാക്ക് ഹൗസുകളിൽ 20 ടൺ സംഭരണ ശേഷിയുള്ള ശീതീകരണ സംഭരണി ഒരുക്കിയിട്ടുണ്ട്. |
| (ഡി) | ഉത്സവ സീസണുകളിൽ സംഭരിക്കുന്ന പച്ചക്കറികൾ കേട്ടുകൂടാതെ സൂക്ഷിക്കുവാൻ സ്ഥലമില്ലാത്തതിനാൽ നശിച്ചുപോകുന്ന അവസ്ഥയുണ്ടാകാറുണ്ടോ; | (ഡി) | കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ പൂർണ്ണമായും സംഭരിക്കുമ്പോൾ അവ പൂർണ്ണമായും വിറ്റഴിക്കുവാൻ സാധിക്കാത്ത സാഹചര്യം ചില അവസരങ്ങളിൽ ഉണ്ടാകാറുണ്ട്. |
| (ഇ) | പ്രസ്തുത അവസ്ഥ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഇ) | പച്ചക്കറികൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനായി കോഴിക്കോട്, തിരുവനന്തപുരം എന്നീ കാർഷിക മൊത്തവ്യാപാര വിപണികളിലെ കോൾഡ് സ്റ്റോറേജ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. അതുപോലെ കോൾഡ് സ്റ്റോറേജിൽ സൂക്ഷിക്കുന്ന പച്ചക്കറികൾ വിതരണം ചെയ്യുന്നതിന് 92.1 ലക്ഷം രൂപ ചെലവിൽ ശീതീകരിച്ച വാഹനങ്ങൾ വാങ്ങുവാനുള്ള പദ്ധതിയ്ക്കും അംഗീകാരമായിട്ടുണ്ട്. ഇതിനുപുറമെ സീറോ എനർജി കൂൾ ചേമ്പറുകൾ വ്യാപകമാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ